# വറ്റാത്ത നീരുറവ

## യോഹന്നാൻ 4:14

“ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരു നാളും ദാഹിക്കുകയില്ല. ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവയായി ത്തീരും എന്ന് ഉത്തരം പറഞ്ഞു.”

വെള്ളം കോരാൻ വന്ന ശമര്യസ്ത്രീയുടെ ചോദ്യത്തിനുള്ള മറുപടിയായി യേശു പറയുന്നതാണ് കുറിവാക്യം. ഒറ്റനോട്ടത്തിൽ തന്നെ യേശു ഒരു യഹൂദനാണെന്ന് മാത്രം ശമര്യ സ്ത്രീക്ക് മനസ്സിലായി. എന്നാൽ യേശുവിനെക്കുറിച്ചുള്ള വ്യക്തമായ വെളിപ്പാട് അവൾക്ക് ലഭിച്ചിട്ടില്ലായിരുന്നു. അതുകൊണ്ടു തന്നെ ഒരു യഹൂദനും ശമര്യനും തമ്മി ലുള്ള അകൽച്ചയെ ഇവിടെ ശമര്യസ്ത്രീ പ്രകടിപ്പിക്കുന്നതായി കാണുന്നു. അപ്പോഴും യേശു തന്നെത്തന്നെ വെളിപ്പെടുത്തി കൊടുക്കുവാൻ ശ്രമിക്കുന്നതായി തുടർന്നു വായിക്കുമ്പോൾ നമുക്കു മനസ്സിലാകുന്നു.

ആത്മാവിന്റെ ദാഹം ശമിപ്പിക്കുന്ന പരിശുദ്ധാത്മാവിനെക്കുറിച്ചാണ് മുകളിൽ പറഞ്ഞിരി ക്കുന്ന വാക്യം വ്യക്തമാക്കുന്നത്. യെഹെസ്ക്കേൽ പ്രവചനം 47–ാം അദ്ധ്യായം നാം വായിക്കുമ്പോൾ പരിശുദ്ധാത്മാവാകുന്ന നദിയിൽ ഇറങ്ങിയ ഒരു വ്യക്തിയുടെ അവസ്ഥ യാണല്ലോ സൂചിപ്പിക്കുന്നത്. ആദ്യം നരിയാണിയോളം, പിന്നെ മുട്ടോളം, ശേഷം അരയോളം അവസാനം നീന്തിയിട്ടല്ലാതെ കടപ്പാൻ കഴിയാത്ത ഒരു ആത്മനദിയുടെ അനുഭവമാണ് അവിടെ നാം കാണുന്നത്.

ഒരു ദൈവപൈതലിന്റെ ജീവിതവും ഇപ്രകാരം തന്നെ ആത്മനദിയിൽ നീന്തികടക്കുന്ന ഒരു അനുഭവമാണ് വേണ്ടതെന്ന് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. ഇന്ന് പലരും യേശു ആരാണെന്നോ യേശു തരുന്ന പരിശുദ്ധാത്മാവാകുന്ന ദാനത്തെയോ അറിയാതെ പോകുന്നു. തന്നിമിത്തം അവർ ആത്മാവിന്റെ ദാഹം ശമിപ്പിക്കുവാൻ പലയിടങ്ങൾ തേടിയലയുന്നു.

ശമര്യസ്ത്രീക്ക് യേശു ആരാണെന്ന് വ്യക്തമായി മനസ്സിലാകാത്തതുപോലെ, നമ്മെയും പലർക്കും നാം ഒരു ദൈവപൈതലാണെന്ന് മനസ്സിലാവുന്നുണ്ടാവില്ല. എന്നാൽ നമ്മുടെ ഉള്ളിൽ പരിശുദ്ധാത്മാവിന്റെ വറ്റാത്ത ഉറവ ഉണ്ടെങ്കിൽ അതിൽ നിന്നും ആത്മാവിന്റെ ഫലങ്ങൾ പുറത്തേക്കൊഴുക്കുവാൻ തക്കവണ്ണം ഇടയാകും. അങ്ങനെ നാം ഒരു ദൈവ പൈതലാണെന്ന് മറ്റുള്ളവർ തിരിച്ചറിയുവാനും അവരും ജീവനുള്ള ദൈവത്തിനെ തിരിച്ചറിയുവാനും ഇടയായിത്തീരും.

ഒരു ദൈവപൈതലിനെ സംബന്ധിച്ച് ക്രിസ്തുവിന്റെ സ്നേഹം പങ്കു വെയ്ക്കപ്പെടണം. അങ്ങനെയെങ്കിൽ ഈ നദി ചെന്നു ചേരുന്നിടത്തൊക്കെയും സകലതും ജീവൻ പ്രാപിക്കുവാൻ കാരണമായിത്തീരും. അപ്രകാരം നമ്മിൽ നിന്നും അധികമായി പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ ഒഴുകിപ്പുറപ്പെടട്ടെ. മുട്ടോളമായി എന്നു പറഞ്ഞ് അവിടത്തെന്നെ നിൽക്കാതെ ഇനിയും ആഴങ്ങളിലേക്ക് ഇറങ്ങുക.

ക്രിസ്തുവിന്റെ തലയോളം വളരുവാൻ നാം വാഞ്ചിക്കുകയും അതിനായി ജീവിതത്തെ ക്രമീകരിക്കുകയും വേണം. ഇന്ന് നമ്മുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിനെ ഉറക്കികിടത്തിയിരിക്കുന്ന ഒരു അവസ്ഥയിലാണോ അതോ പരിശുദ്ധാത്മാവിന്റെ ആലോചനപ്രകാരമാണോ നാം ആയിരിക്കുന്നത് എന്ന് നമ്മെത്തന്നെ ഒന്നു ശോധന ചെയ്യാം. നമ്മിലെ ജീവനദിയുടെ ഒഴുക്കിനെ തടയുവാൻ ശ്രമിക്കുന്ന എല്ലാ ദുഷ്ടന്റെ തന്ത്രങ്ങളെയും ജയിക്കുവാൻ പ്രാർത്ഥനയിലൂടെ നമുക്കു പോരാടാം.

അപ്രകാരം നമ്മിലെ ജീവജലനദികൾ ഒഴുകിയെത്തുന്ന വ്യക്തിജീവിതങ്ങളിൽ പുതിയ ജീവന്റെ വറ്റാത്ത ഉറവകൾ പൊട്ടിപ്പുറപ്പെടട്ടെ. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

പരാമർശം :

**സങ്കീർത്തനങ്ങൾ 42:2**

എന്റെ ആത്മാവ് ദൈവത്തിനായി, ജീവനുള്ള ദൈവത്തിനായിത്തന്നെ ദാഹിക്കുന്നു; ഞാൻ എപ്പോൾ ദൈവസന്നിധിയിൽ ചെല്ലുവാനിടയാകും.

**സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 021**